പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5552 28.07.2015 - ൽ മറുപടിയ്ക്ക്

## അശരണരും അഗതികളുമായവരുടെ ഉന്നമനത്തിന ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തുടനീളം കടവരാന്തകളിലും മറ്റു പൊതുസ്ഥലങ്ങളിലും അന്തിയുറങ്ങുന്നവരുമായിട്ടുള്ളവരും അനാശാസ്യ പ്രവർത്തനങ്ങൾക്കും മറ്റു ഹീന കൃത്യങ്ങൾക്കും വിധേയരാകേണ്ടിവരുന്നതുമായ നാടോടി സ്ത്രീകൾ/കുട്ടികൾ തദ്ദേശവാസികളായവരും കുടുംബങ്ങളിലെ മക്കളാൽ ഉപേക്ഷിക്കപ്പെട്ട വാർദ്ധക്യാവസ്ഥയിലുള്ള മാതാപിതാക്കൾ തുടങ്ങിയവരും സംസ്ഥാനത്തുടനീളം കൂടിവരുന്നത് സാമൂഹ്യ നീതി വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഓരോ വിഭാഗ ത്തിലും 2011 മുതൽ 2015 വരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടവർ എത്ര എന്നും എന്തു സഹായം നൽകി എന്നും വ്യക്തമാക്കാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള അശരണരരെ സംരക്ഷിക്കുന്നതിനുള്ള നിരവധി സ്ഥാപനങ്ങൾ വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് അലഞ്ഞു തിരിഞ്ഞു നടക്കുന്ന കുട്ടികളെ (Street. Children) സംരക്ഷിക്കുന്നതിനായി 3 ഓപ്പൺ ഷെൽട്ടറുകൾ പ്രവർത്തി ച്ചുവരുന്നു. 31.03.2015 വരെയുള്ള കണക്കു പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിൽ 63 കുട്ടികളെ സംരക്ഷിക്കുന്നു. തെരുവിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്നവരെ പുനരധിവസിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് 'തെരുവുവെളിച്ചം' എന്നൊരു പദ്ധതി സന്നദ്ധ സംഘടനയുടെ പങ്കാളിത്തത്തോടെ 2013 മെയ് 16 മുതൽ നടപ്പിലാക്കിവരുന്നു. ഇതിനായി 2013-14 സാമ്പത്തിക വർഷം കെട്ടിട നവീകരണത്തിനായി 5,05,775/- രൂപയും പദ്ധതി നിർവ്വഹണത്തിനായി 98,165/- രൂപയും 2014-15 വർഷം 7,08,750/- രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതിനോടകം 401 പേരെ പുനരധിവസിപ്പിക്കുകയുണ്ടായി. കൂടാതെ വകുപ്പിനു കീഴിൽ 16 സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഇതിനായി സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന 'എന്റെ കൂട്' പദ്ധതി വഴി എന്തു നടപടി സ്വീകരിച്ചുവെന്നും 2011 മുതൽ വർഷം തിരിച്ചും ജില്ല തിരിച്ചും വിശദാംശം ലഭ്യമാക്കുമോ ; | (ബി) | അഗതികളും, നിരാലംബരും, അന്യനാട്ടുകളിൽ നിന്ന് എത്തിച്ചേർന്നവരുമായ സ്ത്രീകൾക്കും കുട്ടികൾക്കും, രാത്രികാലങ്ങളിൽ തലചായ്ക്കാനൊരിടം എന്ന ആശയത്തിന്മേൽ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് 'എന്റെ കൂട്'. ടി പദ്ധതി കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായിട്ടുണ്ട്. പദ്ധതിയ്ക്കായി 2014-15 വർഷം 36 ലക്ഷം രൂപ കെട്ടിട നവീകരണത്തിനായി PWD യ്ക്ക് നൽകിയിരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ പദ്ധതി പ്രവർത്തനക്ഷമമാക്കു ന്നതിനായി 9.90 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. |
| (സി) | സാമൂഹ്യനീതി വകുപ്പ് ഇതിനായി സംസ്ഥാന ഫണ്ടുകൾ/കേന്ദ്രസഹാ യങ്ങൾ/വിദേശ സഹായങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ എന്നും എങ്കിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും ലഭിച്ച തുക എത്ര ; (വിഭാഗം തിരിച്ച്) ചെലവാക്കിയ തുക എത്ര ; എന്തു പ്രവർത്തന ങ്ങൾക്കായി എത്ര തുക ചെലവാക്കി ; വിശദാംശം ലഭ്യമാക്കുമോ ; | (സി) | കേന്ദ്രസഹായവും വിദേശസഹായവും വകുപ്പിലൂടെയല്ല നൽകുന്നത്. എൻ.ജി.ഒ സെക്ടറിലെ കെയർ ഹോമുകൾക്ക് ധനസഹായം നൽകിയ വിവരങ്ങളും ദുർബലജനവിഭാഗ ങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതിയിൽ തിരുവനന്തപുരം, എറണാകുളം ജില്ലകളിലായി 7 സന്നദ്ധ സംഘടനകൾക്ക് അനുവദിച്ചുവരുന്ന ഗ്രാന്റിന്റെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇത്തരത്തിൽ വിവിധ വിഭാഗത്തിൽ നിന്നും സാമൂഹ്യനീതി വകുപ്പ് കണ്ടെ ത്തിയവരിൽ മാനസികരോഗം ഉൾപ്പെടെ വിവിധ രോഗികളും വാഹകരുമായി കണ്ടെത്തി യവർ (2011 മുതൽ 2015 വരെ) എത്ര ; എന്തു നടപടി വകുപ്പ് സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ; | (ഡി) | അലഞ്ഞു തിരിഞ്ഞു നടക്കുന്നവരിൽ മാനസിക രോഗ ബാധിതരായി 2011 മുതൽ 2015 വരെ 175 പേരെ കണ്ടെത്തിയിട്ടുണ്ട്. ഇവരെ സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മാനസിക രോഗബാധിത രായവർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളിൽ പ്രവേശിപ്പിച്ച് ആവശ്യമായ ചികിത്സയും പരിചരണവും നൽകി വരുന്നു. |
| (ഇ) | ഇപ്പോഴും (2015 ജൂലായ് 1) ഇത്തരം വിഭാഗങ്ങളിൽ പ്പെട്ടവർ തലസ്ഥാന നഗരിയിലും സംസ്ഥാനത്തുട നീളമുള്ളവരേയും കണ്ടെത്താനും അവർക്ക് ചികിത്സയും പുനരധി വാസവും ഉറപ്പുവരുത്താനും ഈ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ? | (ഇ) | സംസ്ഥാനത്ത് സർക്കാർ ധനസഹായത്തോടെ സന്നദ്ധ സംഘടനകൾ നടത്തുന്ന ഓപ്പൺ ഷെൽട്ടറുകൾ മാനസിക രോഗികളായ കുട്ടികളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇത്തരത്തിൽ തെരുവിൽ കഴിയുന്നവരെ കണ്ടെത്തുന്നതിനും അവരെ പുനരധിവസി പ്പിക്കുന്നതിനുമായിട്ടുള്ള 'The Prevention of Begging and Protection of Destitute Beggars Bill 2015' സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### എൻ.ജി.ഒ സെക്ടറിലെ കെയർ ഹോമുകൾക്ക് ധനസഹായം നൽകിയ വിവരം

| Category | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| Orphanages | 5,86,74,000 | 6,98,58,480 | 12,57,85,000 | 13,83,63,000 | 13,51,75,000 |
| Old Age Homes | 1,17,28,000 | 1,52,44,632 | 2,05,80,000 | 2,26,38,000 | 2,34,29,000 |
| Differently Abled | - | 4,04,170 | 2,70,000 | 3,00,000 | 2,20,000 |
| Beggar Home | 9,70,158 | 3,40,000 | 10,00,000 | 10,08,000 | 11,40,000 |
| **Total** | 7,13,72,158 | 8,58,47,282 | 14,76,35,000 | 16,23,09,000 | 15,99,64,000 |

### തിരുവനന്തപുരം, എറണാകുളം ജില്ലകളിലായി 7 സന്നദ്ധ സംഘടനകൾക്ക് അനുവദിച്ചുവരുന്ന ഗ്രാന്റിന്റെ വിവരം

| ക്രമ നമ്പർ | സാമ്പത്തിക വർഷം | തിരുവനന്തപുരം | എറണാകുളം | ആകെ |
|---|---|---|---|---|
| 1 | 2011-12 | 7,30,000 | 9,00,000 | 16,30,000 |
| 2 | 2012-13 | 9,72,000 | 12,60,000 | 22,32,000 |
| 3 | 2013-14 | 10,54,238 | 9,00,000 | 19,54,238 |
| 4 | 2014-15 | 10,82,035 | 9,00,000 | 19,82,035 |

സെക്ഷൻ ഓഫീസർ